# പത്തു കൽപനകൾ

ഫാ. ജോർജ് ദാനവേലിൽ

കത്തോലിക്കാസഭയുടെ മതബോധനഗ്രന്ഥത്തിന്റെ മൂന്നാം ഭാഗത്തിന്റെ രണ്ടാം ഉപവിഭാഗം പത്തുകൽപനകളെക്കുറിച്ചുള്ള വിശദീകരണമാണ്. ക്രൈസ്തവ ധാർമ്മിക ജീവിതത്തിന്റെ അടിസ്ഥാന പ്രമാണങ്ങളായിട്ടാണു പത്തുകൽപനകൾ കണക്കാക്കപ്പെടുന്നത്. പുറപ്പാടുപുസ്തകത്തിലും (20:2–17) നിയമാവർത്തന പുസ്തകത്തിലും (5: 621) പത്തുകൽപന കളെക്കുറിച്ചു നല്കിയിരിക്കുന്ന വിവരണങ്ങളും ഇവയെ അടിസ്ഥാനമാക്കി സഭയുടെ പാരമ്പര്യത്തിലുള്ള പരമ്പരാഗതമായ മതബോധനരൂപവും ഈ ഉപവിഭാഗത്തിന്റെ ആദ്യഭാഗത്തു ചേർത്തിട്ടുണ്ട്. പത്തുകൽപനകൾ എന്നർത്ഥംവരുന്ന 'ദെക്കലോഗ്' എന്ന ഗ്രീക്കുപദത്തിന്റെ വാച്യാർത്ഥം 'പത്തു വാക്കുകൾ' എന്നാണ്. പത്തു കൽപനകൾ ഒരു ജീവിതപാതയാണു നമുക്കു നല്കുന്നത്. ഒരേ സമയം നാം ദൈവത്തോടും (കൽപനകൾ 1–3) സഹജീവികളായ മനുഷ്യരോടും (കൽപനകൾ 4–10) ബന്ധപ്പെട്ടിരിക്കുന്നവരാണെന്നു പത്തു കൽപനകൾ നമ്മെ ഓർമ്മിപ്പിക്കുന്നു. പത്തുകൽപനകൾ ഒന്നിച്ചു ജൈവപരവും വേർത്തിരിക്കാനാവാത്തതുമായ ഒരു യാഥാർത്ഥ്യമായി സ്ഥാപിതമായിരിക്കുന്നു. എന്തെന്നാൽ ഓരോ കൽപനയും മറ്റുള്ള ഓരോന്നിലേക്കും പത്തു കൽപനകൾ മുഴുവനിലേക്കും നയിക്കുന്നു. അതിനാൽ ഒരു കല്പന ലംഘിക്കുകയെന്നതു നിയമം മുഴുവനേയും ലംഘിക്കലാണ് (2069).

ദൈവത്തോടും സഹോദരരോടുമുള്ള മൗലികകടമകളെ വ്യക്തമാക്കുന്ന പത്തു കൽപനകൾ അടിസ്ഥാനപരമായി മാറ്റപ്പെടാനാവത്തവയും, പാലിക്കുന്നതിൽ നിന്ന് ആരേയും ഒഴിവാക്കത്തവയും, മനുഷ്യഹൃദയത്തിൽ ദൈവത്താൽ എഴുതപ്പെട്ടവയുമാണെന്ന് മതബോധനഗ്രന്ഥം വിശദീകരിക്കുന്നു (2072). പത്തു കൽപനകൾ അനുസരിക്കാൻ ക്രൈസ്തവർക്കു കടമയുണ്ടെന്നു ത്രെന്തോസ് സൂനഹദോസും രണ്ടാം വത്തിക്കാൻ സൂനഹദോസും പഠിപ്പിക്കുന്നു.

വിശ്വാസം, പ്രത്യാശ, സ്നേഹം എന്നീ ദൈവീകപുണ്യങ്ങളെ ഉൾക്കൊ ള്ളുന്നതാണ് ഒന്നാമത്തെ കൽപന. എല്ലാറ്റിന്റെയും സൃഷ്ടാവെന്ന നിലയിൽ ദൈവത്തെ ആരാധിക്കുക; സ്തുതി, നന്ദി, യാചന എന്നിവയുടെ പ്രകാശനങ്ങളോടെ അവിടുത്തോടു പ്രാർത്ഥിക്കുക; ക്രിസ്തുവിന്റെ പൂർണ്ണമായ ബലിയർപ്പണത്തോടു ഐക്യപ്പെട്ടുകൊണ്ട് അവിടുത്തേക്കു ബലികളർപ്പിക്കുക; അവിടുത്തോടു നടത്തിയ നേർച്ചകളും വാഗ്ദാനങ്ങളും നിറവേറ്റുക, തുടങ്ങിയവയെല്ലാം അനുഷ്ഠിക്കുവാൻ ഒന്നാം കൽപന നമ്മോടാവശ്യപ്പെടുന്നു (2095–2103). "യഥാർത്ഥ ദൈവത്തിനു നാം നൽകുന്ന ആരാധനയിൽ നിന്നുള്ള

വേർപിരിഞ്ഞുപോകലാണ് അന്ധവിശ്വാസം. അതു വിഗ്രഹാരാധനയിലും ഭാവിഫലപ്രവചനം, ജാലവിദ്യ എന്നിവയുടെ വിവിധ രൂപങ്ങളിലും പ്രകടമാകുന്നു" (2138). ക്രൈസ്തവതിരുസ്വരൂപങ്ങളുടെ വണക്കം ദൈവവചനത്തിന്റെ മനുഷ്യവതാരരഹസ്യത്തെ അടിസ്ഥാനപ്പെടുത്തി ഉള്ളതായതിനാൽ അതു ഒന്നാം കൽപനക്കെതിരല്ല എന്നും മതബോധനഗ്രന്ഥം പഠിപ്പിക്കുന്നു (2129– 2141).

ദൈവത്തിന്റെ പരിശുദ്ധനാമത്തെ വിളിച്ചപേക്ഷിച്ചുകൊണ്ടും വാഴ്ത്തിക്കൊണ്ടും സ്തുതിച്ചുകൊണ്ടും മഹത്വപ്പെടുത്തിക്കൊണ്ടും അവിടുത്തെ നാമത്തെ നാം ആദരിക്കുന്നു. അവിടുത്തെ നാമത്തിനു ചേരാത്ത എല്ലാ ഉപയോഗവും വ്യാജശപഥവും രണ്ടാം കല്പനയുടെ ലംഘനമാണ്. മാമ്മോദീസയിൽ ക്രൈസ്തവനാമം സ്വീകരിക്കുകവഴി നാമഹേതുകനായ വിശുദ്ധൻ/വിശുദ്ധ സ്നേഹത്തിന്റെ മാതൃക നാമം സ്വീകരിച്ചവ്യക്തിക്കു നല്കുകയും തന്റെ മാദ്ധ്യസ്ഥ്യം നാമധാരിക്ക്/ നാമധാരിണിക്കു നല്കുകയും ചെയ്യുന്നുവെന്നും മതബോധനഗ്രന്ഥം പഠിപ്പിക്കുന്നു (2156–2159).

മൂന്നാം കൽപന കർത്താവിന്റെ ദിവസം പരിശുദ്ധമായി ആചരിക്കേണ്ടതെങ്ങനെയെന്നു പഠിപ്പിക്കുന്നു. സാബത്തുദിവസത്തെക്കുറിച്ചും ഞായറാഴ്ച്ചയാചരണത്തെക്കുറിച്ചുമുള്ള വിശദീകരണങ്ങളാണ് മതബോധനഗ്രന്ഥം ഇവിടെ നൽകുന്നത്. മാതാപിതാക്കളെയും, നമ്മുടെ നന്മക്കുവേണ്ടി ആരെയൊക്കെ ദൈവം തന്റെ അധികാരം ഏല്പിച്ചിട്ടുണ്ടോ അവരെയും ബഹുമാനിക്കാനും ആദരിക്കാനും നാലാം കൽപന പഠിപ്പിക്കുന്നു. കുടുംബത്തെക്കുറിച്ചും കുടുംബാംഗങ്ങളുടെ കടമകളെക്കുറിച്ചും രാഷ്ട്രസമൂഹത്തിലെ അധികാരികളുടെ കടമകളെക്കുറിച്ചുമുള്ള വിശദീകരണങ്ങളാണ് ഇവിടെ നൽകിയിരിക്കുന്നത്. മനുഷ്യജീവനോടുള്ള ആദരവ്, മനുഷ്യവ്യക്തികളുടെ മാഹാത്മ്യത്തോടുള്ള ആദരവ്, സമാധാനസംരക്ഷണം എന്നിവയെക്കുറിച്ചുള്ള വിശദീകരണങ്ങളാണ് അഞ്ചാം കൽപനയെക്കുറിച്ചു പ്രതിപാദിക്കുമ്പോൾ മതബോധനഗ്രന്ഥം നൽകുന്നത്. ഗർഭധാരണനിമിഷം മുതൽ മരണം വരെ ഓരോ മനുഷ്യജീവനും പാവനമാണെന്നും മനുഷ്യജീവിയെ കൊല്ലുന്നതു വ്യക്തിയുടെ മാഹാത്മ്യത്തിനും സ്രഷ്ടാവിന്റെ പരിശുദ്ധിക്കും എതിരെയുള്ള ഗൗരവമായ തിന്മയാണെന്നും എല്ലാ യുദ്ധങ്ങളും ഒഴിവാക്കാൻ സാധിക്കുന്നതെല്ലാം ചെയ്യണമെന്നും മതബോധനഗ്രന്ഥം ഓർമ്മിപ്പിക്കുന്നു.

പുരുഷനും സ്ത്രീയുമായി മനുഷ്യരെ സൃഷ്ടിച്ചതിനെക്കുറിച്ചും ശുദ്ധതയിലേക്കുള്ള അവരുടെ വിളിയെക്കുറിച്ചും ഭാര്യഭർത്തൃസ്നേഹത്തെക്കുറിച്ചും വിവാഹത്തിന്റെ മാഹാത്മ്യത്തിനെതിരായ തെറ്റുകളെക്കുറിച്ചുമുള്ള വിശദീകരണങ്ങളാണ് ആറാം കൽപനയെക്കുറിച്ചു പഠിപ്പിക്കുമ്പോൾ മതബോധനഗ്രന്ഥം നൽകുന്നത്. സ്വകാര്യ സ്വത്തവകാശം, വ്യക്തികളോടും അവരുടെ വസ്തുക്കളോടുമുള്ള ആദരവ്, സാമ്പത്തിക പ്രവർത്തനവും സാമൂഹ്യനീതിയും, രാഷ്ട്രങ്ങളുടെ ഇടയിലുള്ള നീതിയും സഹാനുഭാവവും,

ദരിദ്രരോടുള്ള സ്നേഹം ഇവയെല്ലാം ഏഴാം കൽപനയെക്കുറിച്ചു പഠിപ്പിക്കുമ്പോൾ പ്രതിപാദിക്കുന്ന വിഷയങ്ങളാണ്.

മറ്റുള്ളവരോടുള്ള നമ്മുടെ ബന്ധങ്ങളിൽ സത്യത്തെ വളച്ചൊടിക്കുന്നത് എട്ടാം കൽപ്പന നിരോധിക്കുന്നു. സത്യമായവനും സത്യം ആഗ്രഹിക്കുന്നവനുമായ ദൈവത്തിനു സാക്ഷ്യം വഹിക്കാനുള്ള വിളിയാണ് ഈ ധാർമ്മിക നിയമത്തിന്റെ അടിസ്ഥാനം. സത്യത്തിൽ ജീവിക്കാനും സത്യത്തിനു സാക്ഷ്യം വഹിക്കുവാനും ഈ കൽപന നമ്മെ ഓർമ്മപ്പെടുത്തുന്നു. സത്യത്തിനു വിരുദ്ധമായി ചെയ്യപ്പെട്ട ദ്രോഹത്തിനു നഷ്ടപരിഹാരം ചെയ്യണമെന്നും(2509) മതബോധനഗ്രന്ഥം പഠിപ്പിക്കുന്നു. സത്യത്തിനെതിരായ കുറ്റങ്ങൾ (2475 –2487) ചൂണ്ടിക്കാണിക്കുന്നതോടൊപ്പം സത്യത്തോടുണ്ടായിരിക്കേണ്ട ബഹുമാന ത്തെക്കുറിച്ചും (2488–2492) സാമൂഹിക സമ്പർക്ക മാധ്യമങ്ങളുടെ ഉപയോഗത്തെക്കുറിച്ചും (2493–2499) മതബോധനഗ്രന്ഥം വിശദീകരിക്കുന്നു.

ഒൻപതാം കൽപന ജഡികാസക്തിക്ക് എതിരെ പഠിപ്പിക്കുന്നു. ജഡികാസക്തിക്ക് എതിരെയുള്ള സമരത്തിൽ ഹൃദയശുദ്ധീകരണവും ആത്മസംയമനവും ആവശ്യമാണ്. ഹൃദയവിശുദ്ധി ദൈവത്തെ കാണാനും ദൈവം കാണുന്നതുപോലെ എല്ലാം കാണാനും നമ്മെ സഹായിക്കും. ഉദ്ദേശ്യശുദ്ധി, ബാഹ്യവും ആന്തരികവുമായ നോട്ടത്തിന്റെ സുതാര്യത, വികാരങ്ങളുടെയും ഭാവനയുടെയും ശിക്ഷണം, പ്രർത്ഥന തുടങ്ങിയവ ഹൃദയനൈർമല്ല്യം സൂക്ഷിക്കാൻ ഒരു വ്യക്തിയെ സഹായിക്കുന്നു.

ഒൻപതാംകൽപനയോടു ചേർന്നുപോകുന്നതാണ് പത്താം കൽപന. മറ്റൊരാളുടെ വസ്തുവകകൾ മോഹിക്കുന്നതിനെ ഈ കൽപന വിലക്കുന്നു. മറ്റുള്ളവരുടെ വസ്തുവകകളുടെ നേരെ ആദരവിന്റെ ഒരു ആന്തരിക മനോഭാവം ഈ കൽപന ആവശ്യപ്പെടുന്നു. പരോപകാരശീലം, വിനയം, ദൈവപരിപാലനയ്ക്കു തന്നെത്തന്നെ സമർപ്പിക്കൽ എന്നിവ അസൂയയെ ഒഴിവാക്കാൻ സഹായിക്കും എന്നു മതബോധനഗ്രന്ഥം വിശദീകരിക്കുന്നു. സമ്പത്തിൽനിന്നുള്ള വിമുക്തി സ്വർഗ്ഗരാജ്യപ്രവേശനത്തിനു അത്യന്താപേഷിതമാണെന്ന് ഓർമ്മിപ്പിക്കുന്ന മതബോധനഗ്രന്ഥം യഥാർത്ഥ സൗഭാഗ്യമായ ദൈവത്തിനു വേണ്ടിയുള്ള ആഗ്രഹം  ഈ ലോകത്തിലെ വസ്തുക്കളോടുള്ള ക്രമരഹിതമായ ഒട്ടിച്ചേരലിൽനിന്നു മനുഷ്യനെ സംരക്ഷിക്കുമെന്നും പഠിപ്പിക്കുന്നു.